നമ്പർ. 2299/പാർല/2020/നിയമം

നിയമ (പാർല) വകുപ്പ്

# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 806 05.02.2020- ൽ മറുപടിക്ക്**

## ലാപ്സായ ഓർഡിനൻസുകൾ

**ചോദ്യം** **മറുപടി**

ശ്രീ. എം. ഉമ്മർ

**ശ്രീ. എ. കെ. ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ എത്ര ഓർഡിനൻസുകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 154 ഓർഡിനൻസുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) | ഓർഡിനൻസുകളുടെ വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | 2016 - 3 ഓർഡിനൻസുകൾ<br>2017 - 40 "<br>2018 - 59 "<br>2019 - 43 "<br>2020 -9 " |
| സി) | പ്രസ്തുത ഓർഡിനൻസുകളിൽ എത്രയെണ്ണം ലാപ്സായിട്ടുണ്ടെന്ന് വിശദമാക്കാമോ; | പ്രസ്തുത ഓർഡിനൻസുകളിൽ ഒരു ഓർഡിനൻസ് അതായത് കേരള പബ്ലിക് സർവീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ് ലാപ്സായിട്ടുണ്ട്.<br>കൂടാതെ The Kerala Professional Colleges (Regularisation of Admission in Medical Colleges) Ordinance, 2018 (1 of 2018) ന് പകരമുള്ള ബിൽ നിയമസഭ പാസ്സാക്കിയിരുന്നുവെങ്കിലും ആയതിന് ബഹു. ഗവർണറുടെ അനുമതി ലഭിക്കാത്തതിനാൽ നിയമമായിട്ടില്ല. |

നമ്പർ. 2299/പാർല/2020/നിയമം

| | | |
|---|---|---|
| ഡി) | അഞ്ചുതവണയിൽ കൂടുതൽ പുനഃ പ്രസിദ്ധീകരിച്ച ഓർഡിനൻസുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | കേരള പബ്ലിക് സർവീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ്, കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ഓർഡിനൻസ് എന്നീ ഓർഡിനൻസുകൾ അഞ്ചുതവണയിൽ കൂടുതൽ പുനർവിളംബരം ചെയ്തിട്ടുണ്ട്. |
| ഇ) | വഖഫ് ബോർഡിലെ നിയമനവുമായി ബന്ധപ്പെട്ട ഓർഡിനൻസിന് പകരം നിയമം കൊണ്ടു വരാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ? | വഖഫ് ബോർഡിലെ നിയമനവുമായി ബന്ധപ്പെട്ട ഓർഡിനൻസിന് പകരം നിയമം കൊണ്ടുവരാൻ കഴിയാഞ്ഞത് ഭരണപരമായ ചില കാരണങ്ങളാലാണ്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ